# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**
**നമ്പർ. 1839**

**07/03/2017-ന് മറുപടിക്ക്**

## സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മേലധികാരികൾ നൽകുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് അവരുടെ പ്രവർത്തനങ്ങളുടേയും കാര്യക്ഷമതയുടേയും ആധികാരിക രേഖയാണോ ; | (എ) | ഒരു സർക്കാർ ഉദ്യോഗസ്ഥന് തന്റെ ഉദ്യോഗത്തിൽ നിശ്ചയിച്ചിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കഴിവ് വസ്തുനിഷ്ഠമായി വിലയിരുത്തുക, കൂടുതൽ ഉത്തരവാദിത്വങ്ങളും വ്യത്യസ്തങ്ങളുമായ കാര്യങ്ങൾ/ജോലികൾ ഉദ്യോഗസ്ഥനെ ഭാവിയിൽ ഭരമേൽപ്പിക്കുവാൻ സാധിക്കുമോ എന്ന കാര്യം മുൻകൂട്ടി നിർണ്ണയിക്കുക തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തുകയെന്നതാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ആ നിലയ്ക്ക് പ്രസ്തുത റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ പരിശോധിച്ചാണ് ഉദ്യോഗസ്ഥനെ വകുപ്പുതല പ്രൊമോഷനു പരിഗണിച്ചു വരുന്നത്. |
| (ബി) | സെക്രട്ടേറിയറ്റിലെ ഭരണ വിഭാഗം തസ്തികയിലെ ഓഫീസർമാർക്ക് പ്രൊഫഷണലിസം ആവശ്യമുണ്ടോ; ഏതെങ്കിലും വകുപ്പുകളിലെ ഭരണ വിഭാഗം ജീവനക്കാർക്ക് പ്രൊഫഷണലിസം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) & (സി) | സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ തൊഴിൽ പരമായ സത്യസന്ധത, വിശ്വസ്തത, മറ്റ് പൊതുവായ ഖ്യാതി, നിലവിലെ ജോലിയിലെ പ്രവർത്തന ക്ഷമത, പരിശീലനത്തിന്റെ ആവശ്യം എന്നിവ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ ഓഫീസർമാർക്ക് |

| | | |
|---|---|---|
| (സി) | എങ്കിൽ അവരുടെ പ്രവർത്തനത്തിൽ പ്രൊഫഷണലിസം കൊണ്ടു വരുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | നിശ്ചയിച്ചിട്ടുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ റിപ്പോർട്ടിങ് ഓഫീസർമാർ അഭിപ്രായം രേഖപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത അഭിപ്രായങ്ങൾ തുടർന്ന് വിവിധ തലത്തിൽ റിവ്യൂ ചെയ്യപ്പെടുന്നുമുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ അക്കാര്യവും പരിഗണിച്ചാണ് പ്രൊമോഷനു ശുപാർശ ചെയ്യുന്നത്. ജീവനക്കാരുടെ തൊഴിൽ രംഗത്തെ പെരുമാറ്റത്തെക്കുറിച്ച് പൊതുവെ വിരുദ്ധാഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പരിശീലന പരിപാടികളിൽ തൊഴിൽ മേഖലയിൽ കൂടുതൽ സുതാര്യത, മെച്ചപ്പെട്ട പൊതുജന സമ്പർക്കം, സംവേദന ശേഷി വർദ്ധിപ്പിക്കൽ, ധാർമ്മിക മൂല്യങ്ങൾ, വർക്ക്-ലൈഫ് ബാലൻസ്, സ്ട്രെസ് മാനേജ്മെന്റ് എന്നീ വിഷയങ്ങൾ പ്രൊഫഷണലിസം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Ranjith K

സെക്ഷൻ ഓഫീസർ